**പതിനാലാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3276 **19.10.2016**-ലെ മറുപടിക്ക്

<u>സ്വയം പര്യാപ്ത പട്ടികജാതി - പട്ടികവർഗ്ഗ കോളനി പദ്ധതി</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. എൻ .എ.നെല്ലിക്കുന്ന്** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സ്വയം പര്യാപ്ത പട്ടികജാതി - പട്ടികവർഗ്ഗ കോളനി എന്ന പദ്ധതി പ്രകാരം മുൻ സർക്കാരിന്റെ കാലത്ത് കാസർഗോഡ് അസംബ്ലി മണ്ഡലത്തിൽ എത്ര പദ്ധതികളാണ് അനുവദിച്ചത്; എത്ര കോടി രൂപ ഇതിനായി നീക്കി വച്ചു; ഏതെല്ലാം പഞ്ചായത്തിലെ ഏതെല്ലാം കോളനികളെയാണ് ഇതിനായി തിരഞ്ഞെടുത്തത്; | (എ) | മുൻ സർക്കാരിന്റെ കാലത്ത് സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം കാസർഗോഡ് അസംബ്ലി മണ്ഡലത്തിൽ ഒരു പദ്ധതി അനുവദിച്ചു. ഇതിനായി 1,00,00,000/- രൂപ നീക്കി വച്ചു.<br>കാസർഗോഡ് മുൻസിപ്പാലിറ്റിയിലെ 'അമോയ്' കോളനിയെയാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളത്. പട്ടികവർഗ്ഗ വികസന വകുപ്പ് ടി പദ്ധതി നടപ്പിലാക്കിയിട്ടില്ല. |
| (ബി) | സ്വയം പര്യാപ്ത പട്ടികജാതി - പട്ടികവർഗ്ഗ കോളനികളുടെ നിർമ്മാണ പ്രവൃത്തികൾ കാസർഗോഡ് മണ്ഡലത്തിൽ ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചത്; ഈ ഏജൻസികൾ ഇവയുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടോ; | (ബി) | ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് എന്ന സർക്കാർ അക്രഡിറ്റഡ് ഏജൻസിയെയാണ് നിർമ്മാണ പ്രവൃത്തികൾ ഏല്പിച്ചത്. ഇവർ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. |
| (സി) | ഇല്ലെങ്കിൽ ഇത്തരം ഏജൻസികൾക്കെതിരെ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (സി) | പ്രവൃത്തികൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിന് ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ